"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2022-23 ബഡ്ജറ്റ് - പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജകമണ്ഡലത്തിലെ **"കോങ്ങാട് പഞ്ചായത്ത് സ്റ്റേഡിയം"** പ്രവൃത്തി-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പ്

സ.ഉ.(സാധാ) നം.349/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

പരാമർശം:- 1. സ.ഉ(സാധാ)നം. 7796/2022/Fin. തീയതി 18.11.2022 ഉത്തരവ്

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.06.2024 ലെ LSGD/PD/9067/2024-DB5 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട് പഞ്ചായത്ത് സ്റ്റേഡിയം എന്ന പ്രവൃത്തിക്ക് 2022-23 ബജറ്റിൽ കായിക വകുപ്പിനെ നിർവ്വഹണ വകുപ്പായി 300 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി പ്രവൃത്തിക്കുള്ള അടങ്കൽ തുക 100 ലക്ഷം രൂപയായും, തദ്ദേശസ്വയംഭരണവകുപ്പിനെ നിർവ്വഹണ വകുപ്പ് ആക്കിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി പ്രവൃത്തിക്ക് സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽനിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവായ സെന്റേജ് നിരക്ക് രേഖപ്പെടുത്തിയ M/s കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, മാമല, കൊച്ചി എന്ന സ്ഥാപനത്തിന്റെ സെന്റേജായ 6.5% നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനെതുടർന്ന് ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-2023 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II, ക്രമ നമ്പർ 762 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ 'കരാക്കുറിശ്ശി ഹൈസ്കൂൾ വിഭായത്തിൽ കെട്ടിടം' എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയിൽ കുറവ് വരുത്തി ബാക്കി തുക, 2022-2023-ലെ തന്നെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ടോക്കൺ വിഹിതം ഉൾപ്പെടുത്തിയ മറ്റ് നാല് പദ്ധതികൾക്കായി അനുവദിച്ച് തദ്ദേശ സ്വയം ഭരണവകുപ്പിനെ നിർവ്വഹണ വകുപ്പായും ചുമതലപ്പെടുത്തി ബഹു. കോങ്ങാട് നിയോജകമണ്ഡലം എം.എൽ.എ-യുടെ അഭ്യർത്ഥന പ്രകാരം പരാമർശം (1) ലെ ഭേദഗതി ഉത്തരവ് പ്രകാരം ഒരു കോടി രൂപ വകയിരുത്തിയ കോങ്ങാട് നിയോജക മണ്ഡലത്തിലെ **"കോങ്ങാട് പഞ്ചായത്ത് സ്റ്റേഡിയം"** എന്ന പ്രവൃത്തി PMC വ്യവസ്ഥയിൽ ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുത്ത KEL എന്ന അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയും ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92-00-00-0-N-V എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ / ഓഡിറ്റ് ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E: 2883599/DEV-3/130/2024-Fin dated 08.01.2025) (AS No.AS /LGD/24/40193)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ (DB1/265/2024-LSGD)